# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6116 02.04.2018-ൽ മറുപടിക്ക്**

### കൈത്തറി എന്നപേരിൽ വ്യാജ തുണിത്തരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൈത്തറി മേഖലയുടെ ഉന്നമനത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) കൈത്തറി മേഖലയെ പുനർജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക വേതനം, കൂടുതൽ തൊഴിൽ ദിനങ്ങൾ എന്നിവ ലഭിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി. ഇതിലൂടെ 3600-ൽ അധിക നെയ്ത്തുകാർക്കും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികൾക്കും തൊഴിൽ സ്ഥിരതയും മെച്ചപ്പെട്ട വേതനവും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ആവിഷ്കരിച്ച പദ്ധതികൾ താഴെ പറയും പ്രകാരമാണ്.<br>**<u>തറി അനുബന്ധ ഉപകരണങ്ങൾക്കുള്ള ധനസഹായ പദ്ധതി</u>**<br>നെയ്ത്തുകാർക്ക് തറി അനുബന്ധ ഉപകരണങ്ങളായ അച്ച്, വിഴുത്, ഷട്ടിൽ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകി വരുന്നു.<br>**<u>ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി</u>**<br>ഈ പദ്ധതി പ്രകാരം നെയ്ത്തുകാരുടെ കഠിനാദ്ധ്വാനം കുറക്കുക, പുതിയ ഡിസൈനുകൾ ഉണ്ടാക്കുക, കൂടുതൽ |

ഉൽപന്നങ്ങൾ വിപണിയിൽ കൊണ്ടു വരുക എന്നിവയ്ക്കായി ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി പ്രകാരം വിവിധ ഉപകരണങ്ങൾ നൽകി വരുന്നു.

**ഒരു വീട്ടിൽ ഒരു തറി പദ്ധതി**

നെയ്ത്ത് അറിയുന്നവരും എന്നാൽ സ്വന്തമായി തറി ഇല്ലാത്തവർക്കും തറി വാങ്ങി സ്ഥാപിക്കുന്നതിനായി ആകെ തുകയുടെ 75% ഗ്രാന്റായി നൽകി വരുന്നു.

**പ്രൊഡക്ഷൻ ഇൻസെന്റീവ്**

അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസസ്മെന്റ് നടത്തി ഉൽപാദനത്തിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുവാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് ആകർഷിക്കുന്ന പദ്ധതിയാണിത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ പദ്ധതിയായ സൗജന്യ സ്കൂൾ യൂണിഫോം പദ്ധതിയിലും പ്രൊഡക്ഷൻ ഇൻസെന്റീവ് അർഹതക്കനുസരിച്ച് നൽകുന്നതാണ്. ഇത് തൊഴിലാളികൾക്ക് പ്രചോദനവും കൂടുതൽ തൊഴിലാളികളെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ സഹായകരവും ആയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17,2017-18 വർഷങ്ങളിലായി ആകെ 12.62 കോടി രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. വിവിധ സംഘങ്ങളിലെ ഉപഭോക്താക്കൾക്കായി ജില്ലാ വ്യവസായകേന്ദ്രം വഴി ടി തുക വിതരണം ചെയ്തു വരുന്നു.

**ഇൻകം സപ്പോർട്ട് സ്കീം**

കൈത്തറി തൊഴിലാളികൾക്കായി തൊഴിൽ വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയായ ഇൻകം സപ്പോർട്ട് സ്കീം അവശത അനുഭവിക്കുന്ന കൈത്തറി തൊഴിലാളികൾക്ക് സഹായകമായ ഒന്നാണ്. 150 രൂപ ദിവസ വരുമാനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണിത്. ദിവസം 75/- രൂപ നിരക്കിൽ പരമാവധി 100 ദിവസത്തേക്കാണ് തുക നൽകുന്നത്. കഴിഞ്ഞ

| | |
|---|---|
| | സാമ്പത്തിക വർഷത്തിൽ 1,85,50,000/- രൂപ 2726 ഉപഭോക്താക്കൾക്ക് ഈ പദ്ധതിപ്രകാരം നൽകിയിട്ടുണ്ട്. |
| (ബി) കൈത്തറി എന്ന പേരിൽ വ്യാജ തുണിത്തരങ്ങൾ വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.കൈത്തറി ഉൽപന്നങ്ങളെ ഉപഭോക്താക്കൾക്ക് തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി എന്ന വ്യാജേന ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നത് ഫലപ്രദമായി തടയുന്നതിനും വേണ്ടി ഹാന്റ്‌ലൂം മാർക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ